MPM-205 B

# SSLC PRE MODEL EXAMINATION – 2023

## SOCIAL SCIENCE

(Malayalam)

Time :- 1:30 Hours

Total Score :- 40

**നിർദ്ദേശങ്ങൾ**

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും. ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കാവുന്നതാണ്.
- ഉത്തരം എഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.

(1,2 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ഒരു സ്കോർ വീതം) 2×1=2

1. ബംഗാൾ,ബീഹാർ,ഒറീസ്സ എന്നീ പ്രദേശങ്ങൾ ബ്രിട്ടീഷുകാർ നടപ്പിലാക്കിയ നിയമവ്യവസ്ഥ ഏത് പേരിലാണ് അറിയപ്പെടുന്നത് ?

2. അടുത്തടുത്തുള്ള രണ്ട് കോണ്ടൂറുകളുടെ മൂല്യവ്യത്യാസം ഏത് പേരിലാണ് അറിയപ്പെടുന്നത് ?

(3 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും രണ്ടു സ്കോർ വീതം) 4× 2=8

3. പഞ്ചശീല തത്ത്വങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക?

4. കുറിച്യലഹളയുടെ ഏതെങ്കിലും രണ്ട് കാരണങ്ങൾ എഴുതുക ?

5. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ 1929– ലെ ലാഹോർ സമ്മേളനത്തിലെ പ്രധാന തീരുമാനങ്ങൾ എന്തെല്ലാം ?

6. പരമാധികാരത്തിന്റെ പ്രധാനപ്പെട്ട രണ്ട് തലങ്ങൾ ഏതെല്ലാം ?

7. സെസ്സും സർചാർജ്ജും തമ്മിതുള്ള വ്യത്യാസമെന്ത്?

8. സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിടേണ്ടി വന്ന ഏറ്റവും പ്രധാന വെല്ലുവിളികൾ ഏതെല്ലാം?

(9 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരം എഴുതുക. മൂന്ന് സ്കോർ വീതം) 4×3=12

9. കൃഷിയുടെ വാണിജ്യവൽക്കരണം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത് ? ഇതിലേക്ക് വഴിവെച്ച സാഹചര്യങ്ങൾ എന്തെല്ലാം?

10. ഇന്ത്യൻ സമൂഹത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്തുന്നതിനായി സാമൂഹിക പരിഷ്കർത്താക്കൾ മുന്നോട്ടുവെച്ച ആശയങ്ങൾ എന്തെല്ലാം ?

11. വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന ബില്ലിൽ SGST, CGST, GST എന്ന് രേഖപ്പെടുത്തിയിട്ടുണ്ടാവും ഇവ ഓരോന്നും എന്താണെന്ന് വ്യക്തമാക്കുക ?

12. കോണ്ടൂർ രേഖകൾ എന്നാലെന്ത് ? ഒരു ധരാതലീയ ഭൂപടത്തിലെ കോണ്ടൂർ രേഖകളിൽ നിന്ന് എന്തെല്ലാം വസ്തുതകൾ മനസ്സിലാക്കാൻ കഴിയും ?

13. നാട്ടുരാജ്യങ്ങളുടെ സംയോജനത്തിൽ സർദാർ വല്ലഭായ് പട്ടേലിന്റെ പങ്ക് വ്യക്തമാക്കുക ?

14. നിസ്സഹകരണ സമരത്തിന്റെ ഭാഗമായി ഗാന്ധിജി എന്തെല്ലാം തരത്തിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ ചെയ്യാനാണ് ജനങ്ങളോട് ആഹ്വാനം ചെയ്തത് ?

(15 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 4 സ്കോർ വീതം)

3×4=12

15. പൂരിപ്പിക്കുക.

| പരിഷ്കരണ പ്രസ്ഥാനങ്ങൾ | പരിഷ്കർത്താക്കൾ |
|---|---|
| ആര്യസമാജം | ------------------ |
| ------------------ | സർ സയ്യിദ് അഹമ്മദ് ഖാൻ |
| തിയോസഫിക്കൽ സൊസൈറ്റി | ------------------ |
| ---------------- | ശ്രീനാരായണഗുരു |

16. രാഷ്ട്രരൂപീകരണ സിദ്ധാന്തങ്ങൾ എതെല്ലാം?

17. A കോളത്തിനനുയോജ്യമായത് B കോളത്തിൽ നിന്നെടുത്തെഴുതുക

| A | B |
|---|---|
| INSAT | ആകാശീയ വിദൂരസംവേദനം |
| സ്റ്റീരിയോസ്കോപ്പ് | ഭൂവിവരവ്യവസ്ഥ |
| കമ്പ്യൂട്ടർ സോഫ്റ്റ്വെയർ | സൗരസ്ഥിര ഉപഗ്രഹങ്ങൾ |
| IRS | ഭൂസ്ഥിര ഉപഗ്രഹങ്ങൾ |

18. നൽകിയിരിക്കുന്ന ഇന്ത്യയുടെ ഔട്ട്ലൈൻ മാപ്പിൽ ഇനിപ്പറയുന്നവ അടയാളപ്പെടുത്തുക?

- മാൾവ പീഠഭൂമി
- മഹാനദി
- കാരക്കോറം
- പൂർവ്വഘട്ടം

(ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരം എഴുതുക.) 6×1=6

19. വിദൂരസംവേദനം എന്നത് കൊണ്ട് അർത്ഥമാക്കുന്നത് എന്ത്? നൽകിയിരിക്കുന്ന സൂചനകൾ ഉപയോഗിച്ച് വിദൂര സംവേദനത്തെ തരംതിരിച്ച് വിശദീകരിക്കുക.

സൂചനകൾ:

- ഊർജ്ജത്തിന്റെ ഉറവിടം
- പ്ലാറ്റ്ഫോം

OR

നൽകിയിരിക്കുന്ന സൂചനകളെ അടിസ്ഥാനമാക്കി ഭൂമിശാസ്ത്രത്തിലെ ആധുനിക സാങ്കേതിക വിദ്യകൾ വിശദീകരിക്കുക

സൂചനകൾ:

- ഭൂമിശാസ്ത്രപരമായ വിവര സംവിധാനവും അതിന്റെ ഉപയോഗങ്ങളും.
- ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റവും അതിന്റെ പ്രവർത്തന രീതിയും.


300 km
200 mi